# വൈഗ പ്രദർശനത്തെ അഭിനന്ദിച്ച് സ്പീക്കർ

## കാർഷികോൽപന്ന പ്രദർശനത്തിനു സമാപനം

തൃശൂർ ● കാർഷിക മേഖലയിൽ സംരംഭങ്ങളുടെ അനന്തസാധ്യതകൾ കർഷകർക്കും യുവാക്കൾക്കും പരിചയപ്പെടുത്താൻ വൈഗ കാർഷികോൽപന്ന പ്രദർശനത്തിലൂടെ സാധിച്ചതായി സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ. കാർഷികോൽപന്ന സംസ്കരണവും മൂല്യവർധനവും അടിസ്ഥാനമാക്കി കൃഷി വകുപ്പു സംഘടിപ്പിച്ച രാജ്യാന്തര പ്രദർശനത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മന്ത്രി വി.എസ്.സുനിൽകുമാർ അധ്യക്ഷത വഹിച്ചു. പ്രദർശനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ വിവിധ പുരസ്കാരങ്ങൾ മന്ത്രി എ.സി.മൊയ്തീൻ വിതരണം ചെയ്തു. സി.എൻ.ജയദേവൻ എംപി, മുരളി പെരുനെല്ലി എംഎൽഎ, കൃഷിവകുപ്പ് ഡയറക്ടർ എ.എം. സുനിൽകുമാർ, കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ ആർ.ചന്ദ്രബാബു, മേയർ അജിത ജയരാജൻ, ഡപ്യൂട്ടി മേയർ ബീന മുരളി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ.എസ്.ഉമാദേവി, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. വിനയൻ എന്നിവർ പ്രസംഗിച്ചു. ഏകദേശം അഞ്ചു ലക്ഷത്തോളം ആളുകളാണു വൈഗ സന്ദർശിച്ചത്.



കാർഷികോൽപന്ന സംസ്കരണവും മൂല്യവർധനവും അടിസ്ഥാനമാക്കി കൃഷി വകുപ്പ് സംഘടിപ്പിച്ച വൈഗ രാജ്യാന്തര പ്രദർശനത്തിന്റെ സമാപന സമ്മേളനം സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

MALAYALA MANORAMA 01.01.2018